# ഫോർത്ത് എസ്റ്റേറ്റിൽ ചീഞ്ഞു നാറുന്നത്

**തൂലികക്ക്** തോക്കിനേക്കാൾ ശക്തിയുണ്ടെന്നാണ് പറച്ചിൽ, അനുഭവവും അങ്ങനെ തന്നെ. കാലം മാറിയപ്പോൾ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ 'പേന' വഴിയെ പോകുന്നവന്റെ ജീവിതം തകർക്കുമെന്നായി. സമൂഹത്തെ നല്ല നടപ്പിനു പ്രാപ്തരാക്കുകയും തിരുത്തൽ ശക്തി യായി വർത്തിക്കുകയുമാണല്ലോ മൂല്യാധിഷ്ഠിത പത്രപ്രവർത്തനം. ആലങ്കാരികമായി പറഞ്ഞാൽ സമൂഹത്തിനു നേരെ പിടിച്ച കണ്ണാടി. ജീവിതം ജനങ്ങൾക്കു വേണ്ടി സമർപ്പിച്ച പത്രങ്ങളും പത്രക്കാരും ഇവിടെ ഉണ്ടായിട്ടുണ്ട്. അവസാന ശ്വാസം വരെ ആദർശങ്ങളിൽ ഉറച്ചുനിന്നു. നാടു കടത്തപ്പെട്ട സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, പത്ര ഉടമ വക്കം അബ്ദുൽ ഖാദർ മൗലവി ഇവരൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. പത്ര സ്വാതന്ത്ര്യം, പത്രതൊഴിലാളി-മുതലാളി ബന്ധ ങ്ങളിലെ വിവക്ഷകൾ കുറച്ചു മുമ്പുവരെ പത്രലോകത്തെ വിവാദ വിഷയങ്ങളായിരുന്നെങ്കിലും ഇപ്പോൾ ഒന്നും കേൾക്കുന്നില്ല. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശീയ പ്രക്ഷോഭങ്ങൾക്കു താങ്ങും തണലുമായിരുന്നുവെന്നാണ് ചില പത്രങ്ങളുടെ അവകാശവാദം. ബ്രിട്ടീഷ് ഭരണകൂട ത്തിനെതിരെ പോരാടിയവരൊക്കെ ഇനി സാമ്രാജ്യത്വത്തിന്റെ കാലമാണെന്നു കണ്ടിട്ടോ എന്തോ ഇപ്പോ പത്തി മടക്കി കുഴലൂത്തുകാരായിരിക്കുകയാണ്.

ജേർണലിസം 'ജീർണലിസം' ആയി തരംതാഴ്ന്നിരിക്കുന്നു. മൂന്നാംകിട 'സെലിബ്രിറ്റികളു ടെ' വയസ്സറിയിക്കലിന്റെയും അവിഹിത ഗർഭത്തിന്റെയും വാർത്ത വിളമ്പുന്ന 'ഉമ്മാമ്മ' പത്ര ങ്ങൾ അതൊരു കീഴ്വഴക്കവും അതിലുപരി ഒരു വ്യവസായവുമാക്കി. ടെന്നീസ് കോർട്ടിലും നീന്തൽ കോർട്ടിലും വെളിവാകുന്ന അനിവാര്യ, 'നിഷ്കളങ്ക' നഗ്നതകൾ പത്രങ്ങൾക്കു ഹറാമ ല്ലാതാക്കിയത് കോട്ടയം മുത്തശ്ശിമാരായിരുന്നല്ലോ. മനപ്പൂർവം പ്രകോപിപ്പിച്ചു തെരുവിലിറക്കുക എന്ന തന്ത്രമാണ് മറ്റൊന്ന്. സമുദായം പ്രശ്നക്കാരെന്ന് വരുത്തിത്തീർക്കുക. ഡച്ച് പത്രങ്ങൾ തുടരെ തുടരെ പുനഃപ്രസിദ്ധീകരിച്ച പ്രവാചക നിന്ദാ കാർട്ടൂണുകൾ, കർണാടകത്തിൽ കന്നട പ്രഭ പത്രത്തിലെ തസ്‌ലീമയുടേതെന്ന പേരിൽ ഇറങ്ങിയ വിവാദ ലേഖനം തുടങ്ങിയവയെല്ലാം ഉദാഹരണങ്ങൾ.

യാങ്കി-സയണിസ്റ്റ് കൂട്ടുകെട്ടിന്റെ മെഗാ സീരിയലായ തീവ്രവാദ-ഭീകരവാദ വേട്ടകളുടെ പ്രഥമ എപ്പിസോഡായിരുന്ന സെപ്റ്റംബർ 11-നു ശേഷം പേനയുന്തുകാർ മത്സരിച്ചത് മുസ്‌ലിം ഭീകരരെ വർണിക്കാനായിരുന്നു. ഖാദറിന്റെയും അഹ്മദിന്റെയും പറമ്പിൽ പൊട്ടാസ് പൊട്ടി യാൽ വാർത്ത ആർ.ഡി.എക്സായി. പത്ര മുത്തശ്ശി മുൻപേജിൽ രേഖാ ചിത്രങ്ങൾ വരഞ്ഞു വായനക്കാരെ പേടിപ്പിച്ചു. ഇനി മാപ്പിളാരല്ലെങ്കിൽ വാർത്ത രണ്ടു സെന്റിയിൽ ഒതുങ്ങി. വ്യാജ ഇ-മെയിൽ ഭീഷണി കേസിൽ വ്യത്യസ്ത സമുദായക്കാരെ പിടികൂടിയപ്പോഴും ഇതേ അസുഖം അനുഭവപ്പെട്ടു. കിംഗ് ഫിഷർ വിമാനത്തിൽ ബോംബ് കണ്ടെടുത്തത് സ്തോഭജനകമായിട്ടാണ് എല്ലാ പത്രങ്ങളും കൈകാര്യം ചെയ്തത്. പക്ഷേ, തുടർന്നങ്ങോട്ട് ആവേശം ചോർന്നു. കാര ണം, അതൊരു മുസ്‌ലിം നാമധാരിയായിരുന്നില്ല എന്നതുതന്നെ കാരണം! സെൻസേഷനൽ ആവണമെങ്കിൽ അതിലൊരു മുസ്‌ലിം ഫ്ളേവർ വേണമല്ലോ. തള്ളേണ്ടത് തള്ളിയും കൊള്ളേ ണ്ടത് കൊണ്ടും കാര്യം നടത്താൻ ഇന്ന് ദേശീയ പത്രങ്ങൾ എന്ന് സ്വയം അവകാശപ്പെടുന്ന മുഖ്യധാരാ പത്രങ്ങൾക്കറിയാം. 'ഒന്നുകിൽ ഞങ്ങളുടെ കൂടെ അല്ലെങ്കിൽ മറുപക്ഷത്ത്' എന്ന സാമ്രാജ്യത്വ മുദ്രാവാക്യം അന്ധമായി പിൻപറ്റുകയാണ് അവർ ചെയ്യുന്നത്.

മലയാളത്തിൽ നിഷ്പക്ഷ പത്രപ്രവർത്തനം എന്ന് അവകാശപ്പെടുന്ന അഞ്ചോളം ദിനപത്ര ങ്ങളും അത്രതന്നെ വാരികകളും അന്ധമായ മുസ്‌ലിം വിരോധം വരികൾക്കിടയിൽ ഒളിപ്പി ച്ചുവെക്കുന്നവരാണ്. ഇല്ലാത്ത ഇന്റലിജൻസ് റിപ്പോർട്ടുകളെയും ഔദ്യോഗിക വൃത്തങ്ങളെയും ഉദ്ധരിച്ച് തട്ടിക്കൂട്ടുന്ന, അന്വേഷണാത്മക റിപ്പോർട്ടെന്ന പേരിൽ പടച്ചുവിടുന്നത് അതിഭാവു കത്വം നിറഞ്ഞ കൽപിത കഥകളാണ്. ഒരു പ്രത്യേക സമുദായത്തിനെതിരെ നിരന്തരം ഇത്തരം അസംബന്ധങ്ങൾ പടച്ചുവിടുന്നതിലെ അജണ്ടകൾ എന്തായാലും, വർഗീയ മഷിയിൽ പേന മുക്കിയെഴുതുന്ന ഇത്തരം പത്രക്കാരെയും പത്രങ്ങളെയും ബഹിഷ്കരിക്കാൻ സംഘടനകൾക്ക തീതമായി എല്ലാവരും ചിന്തിക്കേണ്ടിയിരിക്കുന്നു.

**അബൂറയ്യാൻ ചാലക്കൽ**

# അറഫാത്തിനെ വില കുറച്ച് കാണരുത്

**അൻവർ** സാദാത്ത് കുന്ദമംഗലം എഴുതിയ കുറിപ്പ് (ലക്കം 41) വായിച്ചപ്പോൾ തോന്നിയ പ്രതികരണമാണിത്. അഴിമതി ആരോപണങ്ങളടക്കം ഒരുപാട് അപരാധങ്ങൾ യാസിർ അറഫാത്തിനെക്കുറിച്ച് ഉണ്ടായിരിക്കാം. അപ്പോഴും ആ വലിയ മനുഷ്യൻ യുഗചേതനയുടെ വിപ്ലവമെടുത്ത് ലോകത്തെ വിറപ്പിച്ച യുവ തുർക്കികളിൽ ഒരാളായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്താതിരിക്കില്ല.

ഒരു കൈയിൽ ഒലീവില പിടിച്ചും മറു കൈയിൽ തോക്കേന്തിയും യു.എൻ സഭയെ ഞെട്ടിച്ച ഒരു നേതാവുണ്ടെങ്കിൽ അത് യാസിർ അറഫാത്ത് മാത്രമായിരുന്നു. അത്തരമൊരു വ്യക്തിയെ കുറിപ്പുകാരൻ ചെറുതാക്കി വിലയിരുത്തിയത് അദ്ദേഹത്തിന്റെ മേൽ ചുമത്തിയ അപരാധങ്ങളേക്കാൾ വലിയ പാതകമായി പോയെന്ന് പറയാതെ വയ്യ. അല്ലെങ്കിൽ തന്നെ അഴിമതിയും ധൂർത്തുമില്ലാത്ത ലോക നേതാക്കൾ വർത്തമാനകാലത്ത് എത്ര പേരുണ്ട്?

എണ്ണക്ക് പകരം ഭക്ഷണമെന്ന ഇറാഖ് യുദ്ധത്തിന്റെ ഭാഗമായുണ്ടാക്കിയ കരാറിൽ അന്നത്തെ യു.എൻ സെക്രട്ടറി ജനറൽ കോഫി അന്നാൻ തന്റെ മകനു വേണ്ടി പ്രസ്തുത പദ്ധതിയിൽ അഴിമതി കാട്ടിയത് അന്ന് മീഡിയയിൽ വലിയ വാർത്തയായിരുന്നുവല്ലോ.

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയടക്കം എത്രയോ രാഷ്ട്ര നയതന്ത്ര പ്രതിനിധികളുമായി യാസർ അറഫാത്തിന് ഊഷ്മളമായ ബന്ധമുണ്ടായിരുന്നുവെന്ന സത്യം വിസ്മരിക്കരുത്.

ഹമാസ് പ്രവർത്തകരെ കുറ്റപ്പെടുത്തുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. പക്ഷേ, ഫലസ്തീൻ രാഷ്ട്രം ഇനിയും നിലവിൽ വന്നിട്ടില്ല. രാഷ്ട്ര രൂപവത്കരണ ചർച്ച ഏഴയലത്ത് പോലുമില്ലതാനും. കൊണ്ടുപിടിച്ച ചർച്ചകളാവട്ടെ ഇസ്രയേൽ പണിതുകൊണ്ടിരിക്കുന്ന വീടുകളെക്കുറിച്ച് മാത്രവും. സയണിസത്തിന്റെ വക്താക്കൾ തന്നെയാണിപ്പോഴും അജണ്ടകൾ തീരുമാനിക്കുന്നത്. പീരങ്കി ഉണ്ടകളെ കല്ലുകൊണ്ട് നേരിടാൻ (ഇൻതിഫാദ) ഫലസ്തീനികളെ പരിശീലിപ്പിച്ചത് യാസിർ അറഫാത്ത് ആയിരുന്നു. ജൂത സയണിസ്റ്റ് രാജ്യത്തിന് ആ വിപ്ലവകാരി പേടി സ്വപ്നം തന്നെയായിരുന്നില്ലേ?

രക്തം വാർന്നുപോയ അറബ് ദേശീയതയാണിന്ന് എവിടെയും. അവരുടെ ഓരോ ചലനവും ചായക്കോപ്പയിലെ കൊടുങ്കാറ്റ് മാത്രമായി അവശേഷിക്കുന്നു. ഇതര അറബ് രാഷ്ട്രങ്ങളിൽ നിന്നൊഴുകുന്ന ഫണ്ടുകളിൽ ഫലസ്തീനികൾ അഭിമാനം കൊള്ളുന്നു. വെറുതെ യാസിർ അറഫാത്തിനെ മാത്രം കുറ്റപ്പെടുത്തിയത് കൊണ്ടായില്ല.

ഫലസ്തീൻ കഷ്ണം കഷ്ണങ്ങളാക്കി നായക്കും നരിക്കുമല്ലാതാക്കുന്ന നികൃഷ്ട പണിയാണ് ജനാധിപത്യവും ആരോഗ്യവും കയറ്റിയയക്കുന്ന അമേരിക്കയും ഇസ്രയേൽ അടക്കമുള്ള ശിങ്കിടി രാജ്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്.

ഇതിനെതിരിൽ ശക്തമായി ചെറുത്തുനിൽക്കാൻ ഹമാസ് പ്രവർത്തകർക്ക് കഴിയുന്നുണ്ടെങ്കിലും അസന്ദിഗ്ധ ഘട്ടത്തിൽ പല തുള്ളി പെരുവെള്ളമാവണവർക്ക് ആവശ്യം.

**വി.കെ.എം കുട്ടി ഈസ്റ്റ് മലയമ്മ**
**ദോഹ, ഖത്തർ**

# തമ്മിലിടപ്പിക്കൽ തന്ത്രം പയറ്റുന്ന മീഡിയ

**'പേരെന്തായാലും** അവരെല്ലാം ഒന്ന്' എന്ന തലക്കെട്ടിൽ (2010 ഫെബ്രുവരി 7) *കേരള ശബ്ദ*ത്തിൽ അബ്ദുസ്സമദ് എറണാകുളം എഴുതിയ കുറിപ്പിലെ പരാമർശങ്ങൾ പലതും അസത്യമാണ്. "മുമ്പ് എൻ.ഡി.എഫിന്റെ ആചാര്യ പദവിയിലിരുന്ന അബ്ദുർറഹ്മാൻ പെരിങ്ങാടി ഇന്ന് ജമാഅത്തെ ഇസ്‌ലാമി നേതാവായിട്ടാണ് വേഷമിടുന്നത്" എന്ന പ്രസ്താവന ശുദ്ധ അസംബന്ധമാണ്. ഇത്തരം നുണകൾ പ്രചരിപ്പിക്കുന്നവർ എന്തെല്ലാം നുണകളും അസംബന്ധങ്ങളും പറഞ്ഞു പരത്തിയിട്ടുണ്ടാവും?

'പാക് സർക്കാർ ഖാദിയാനികളെ നിരോധിച്ചു'വെന്ന് പറഞ്ഞതും കളവാണ്. ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുക മാത്രമാണ് പാക് സർക്കാർ ചെയ്തത്. ഒരു പുതിയ പ്രവാചകനെ അംഗീകരിച്ച് കഴിയുന്നവർക്ക് മറ്റൊരു പുതിയ സമുദായമായി ജീവിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അതാരും നിഷേധിച്ചിട്ടില്ല. ആൾമാറാട്ടം നടത്തുക, വ്യാജ കറൻസിയിറക്കുക തുടങ്ങിയതുപോലുള്ള കബളിപ്പിക്കൽ തന്ത്രം ഖാദിയാനികൾ പല മാർഗേണ നടത്തിയപ്പോൾ അതിന് തടയിടാനാണ് മുസ്‌ലിംലോകം ശ്രമിച്ചത്. സയ്യിദ് മൗദൂദിയുടെ 'പർദ' എന്ന കൃതി സുന്നികൾ മാത്രമല്ല പ്രചരിപ്പിക്കുന്നത്. ലോകത്തെങ്ങുമുള്ള ധാരാളം മുസ്‌ലിംകൾ അതിനെ സസന്തോഷം പ്രചരിപ്പിക്കുന്നുണ്ട്. മൗദൂദിയുടെ ഈ കൃതി മാത്രമല്ല *ഖത്മുന്നുബുവ്വത്ത്* ഉൾപ്പെടെ പല കൃതികളും നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും മുസ്‌ലിം ലോകം കക്ഷിഭേദമന്യെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സുഊദി അറേബ്യയിൽ കഴിഞ്ഞിരുന്ന ഖാദിയാനികളെ ജമാഅത്തെ ഇസ്‌ലാമിയുടെ അനുയായികൾ ഒറ്റുകൊടുത്ത് പിടിപ്പിച്ചുവെന്നുള്ള ഖാദിയാനീ കുപ്രചാരണം തീർത്തും അടിസ്ഥാന രഹിതമാ

ണ്. ജമാഅത്തെ ഇസ്‌ലാമി ആശയത്തെ ആശയം കൊണ്ട് നേരിടുന്ന ആദർശ പ്രസ്ഥാനമാണ്. പ്രതിയോഗികൾക്ക് സ്വന്തം വേദിയിൽ അവരുടെ അഭിപ്രായപ്രകടനത്തിനവസരം നൽകുകയും പരമാവധി പ്രതിപക്ഷ ബഹുമാനം പുലർത്തുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് വിവിധ പാർട്ടികളിലും സമുദായങ്ങളിലും അനുഭാവി വൃത്തങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. ആദർശബലം കൊണ്ടും നയപരിപാടികളുടെ മേന്മകൊണ്ടും പലരുടെയും മനസ്സിൽ ഇടം നേടുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനത്തെ നുഴഞ്ഞുകയറ്റമായി ചിത്രീകരിക്കുന്നത് കേവലം ഈറ മാത്രമാണെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് തിരിച്ചറിയാനാവും. സുഊദി അറേബ്യൻ നിയമമനുസരിച്ച് പാടില്ലാത്ത പ്രവർത്തനം ഗൂഢമായ രീതിയിൽ വ്യാപകമായി നടത്തിയപ്പോൾ ഖാദിയാനികൾ പിടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് അവിടത്തെ നിയമം കാരണമാണ്. അതിന് മറ്റുള്ളവരുടെ മേൽ യാതൊരു തെളിവുമില്ലാതെ ദുരാരോപണം ഉന്നയിക്കുന്നതിലർഥമില്ല. ഖാദിയാനികൾ മാത്രമല്ല, അവിടെ പാടില്ലാത്തത് പ്രവർത്തിച്ചതിന്റെ പേരിൽ പലരും പിടിക്കപ്പെട്ടിട്ടുണ്ട്/ പിടിക്കപ്പെടാറുമുണ്ട്. ഇ. അഹ്മദ് സാഹിബിനെതിരെ ജമാഅത്തെ ഇസ്‌ലാമി ഖാദിയാനിസവുമായി ബന്ധപ്പെടുത്തി ഒരാരോപണവും ഉന്നയിച്ചിട്ടില്ല. അദ്ദേഹത്തിനെതിരെ അത്തരം പ്രചാരണം നടത്തിയിട്ടുമില്ല. മുസ്‌ലിം ലീഗിനെയും ജമാഅത്തെ ഇസ്‌ലാമിയെയും തമ്മിലടിപ്പിക്കാനുള്ള കുതന്ത്രവും കുറിപ്പുകാരൻ പ്രയോഗിച്ചിട്ടുണ്ട്. മുസ്‌ലിം ലീഗിൽ നിർഭാഗ്യകരമായ പിളർപ്പുണ്ടായപ്പോൾ യോജിപ്പിക്കാൻ ശ്രമങ്ങൾ നടത്തിയ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി.

"ഇ. അഹ്മദ് സാഹിബിന്റെ ഭൂരിപക്ഷം വർധിപ്പിക്കാൻ അഹ്മദിയാക്കൾ അരയും തലയും മുറുക്കി രംഗത്തിറങ്ങി. ഭൂരിപക്ഷം വർധിക്കുകയും ചെയ്തു" എന്ന (*കേരള ശബ്ദം* 2010 ഫെബ്രുവരി 7) ലേഖകന്റെ പ്രസ്താവന ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ഫലിതമായിട്ടാസ്വദിക്കാവുന്നതാണ്. 'അഹ്മദിയാ ജമാഅത്ത്, നദ്‌വത്തുൽ മുജാഹിദീൻ, മുസ്‌ലിം ലീഗ് തുടങ്ങിയ മുസ്‌ലിം സമുദായത്തിലെ മുഖ്യധാരാ സംഘടനകൾ....' എന്ന പ്രയോഗവും ഖാദിയാനികൾ സമുദായത്തിനകത്തേക്ക് പിൻവാതിലിലൂടെ കയറിപ്പറ്റാൻ നടത്തുന്ന സൂത്രമാണ്. മുസ്‌ലിം ലീഗിനെയും ജമാഅത്തെ ഇസ്‌ലാമിയെയും തമ്മിലടിപ്പിച്ച് ഇടം കണ്ടെത്താനുള്ള ഖാദിയാനീ ശ്രമത്തിന് അൾട്രാ സെക്യുലരിസ്റ്റുകളുടെയും സയണിസ്റ്റ് ലോബിയുടെയും സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്യുന്ന ദല്ലാളന്മാരുടെയും പിന്തുണയുണ്ടെന്ന് *കേരള ശബ്ദ*ത്തിലും പിന്നീട് *സമകാലിക മലയാള*ത്തിലും (ഫെബ്രുവരി 12) വന്ന കുറിപ്പുകളും *മാതൃഭൂമി* പത്രവും ആഴ്ചപ്പതിപ്പും ഈ ലോബിക്ക് നൽകുന്ന പ്രോത്സാഹനവും വിളിച്ചോതുന്നുണ്ട്. മകൻ മരിച്ചിട്ടെങ്കിലും മരുമകളുടെ കണ്ണീര് കാണാൻ കൊതിക്കുന്ന വിവേക ശൂന്യയായ അമ്മായിയമ്മയുടെ നിലവാരത്തിലേക്ക് അധഃപതിക്കാതിരിക്കാൻ മത സംഘടനകൾ ശ്രദ്ധിക്കുന്നത് നന്ന്.

**പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി**

## തുഹ്ഫയുടെ പ്രസക്തി

**തുഹ്ഫയുടെ** സമകാലിക വായന പ്രസക്തമായി (ലക്കം 42). പല മാതിരി നിന്ദകളുടെയും നാറ്റക്കാറ്റടിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ദൈവത്തിന്റെ സ്വന്തം നാട്,  മുമ്പെങ്ങനെയായിരുന്നുവെന്ന തിരിച്ചറിവ് മലയാളിക്ക് പകർന്നുകിട്ടാൻ ഉതകുന്നതാണാ ചർച്ച.

അതിന് വേദിയൊരിക്കിയ സോളിഡാരിറ്റി സാംസ്കാരികവേദിക്കും ആ ചർച്ചകൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ച *പ്രബോധന*ത്തിനും നന്ദി. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച പ്രമുഖരെല്ലാം തുഹ്ഫയെ ശരിക്കും ഉൾക്കൊണ്ടവരാണെന്ന് അവരുടെ കാഴ്ചപ്പാട് വ്യക്തമാക്കുന്നുണ്ട്. മനസ്സിൽ പതിഞ്ഞത് ഈ വരികളാണ്:

"ചരിത്രം താരാട്ട് പാടിയുറക്കാനുള്ളതല്ല. ഉണർത്താനുള്ളതാണ്. തുഹ്ഫ വായിക്കുന്ന സമകാലിക സമൂഹം മനസ്സിലാക്കേണ്ട പ്രധാന കാര്യം ഇതുതന്നെയാണ്. സോളിഡാരിറ്റി ഈ ഗ്രന്ഥം കൊണ്ട് സമൂഹത്തെ എങ്ങനെ ഉണർത്താനാകുമെന്ന് ആലോചക്കുകയാണിവിടെ."

ചർച്ചയിൽ പങ്കെടുത്തവരുടെയെല്ലാം വിലയിരുത്തലുകൾ സമകാലിക കേരളത്തിന് വലിയൊരു മുതൽക്കൂട്ടാണ്. രോഗം ബാധിക്കാത്ത മനസ്സുകൾക്കത് ബോധ്യപ്പെടാതിരിക്കില്ല. ഏതുതരം നിന്ദകൾ പ്രചരിച്ചുകൊണ്ടിരുന്നാലും.

**മമ്മൂട്ടി കവിയൂർ**